കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9-1285/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9-1285/21 തീയ്യതി: 17/11/2021

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എൻ.രാധാകൃഷ്ണൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	16-09-2021	30-09-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-09-2021	30-09-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജസ്റ്റിൻ ജോസഫ്	പ്രസിഡന്റ്	01-04-2020	06-11-2020
ശ്രീമതി റോസ്‌ലി ടോമിച്ചൻ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ.മനോജ് ചന്ദ്രൻ	സെക്രട്ടറി	01-04-2020	31-03-2021

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി റെയ്ഹനത്ത് ബീവി	എൈ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	02-11-2020
ശ്രീമതി ശ്രീമോൾ	എൈ.സി.ഡി.എസ്. സൂപ്പർവൈസർ	03-11-2020	31-03-2021
ശ്രീമതി രാജി എസ്.മണി	ഡയറി എക്സ്റ്റെൻഷൻ ഒാഫീസർ	01-04-2020	31-03-2021
ശ്രീ.ജയകൃഷ്ണൻ പി.കെ.	വി.ഇ.ഒ	01-04-2020	31-03-2021
ശ്രീ.പ്രദീവ് പി.ജി.	വി.ഇ.ഒ	01-04-2020	31-03-2021
ശ്രീ.സതീഷ് കുമാർ എൈ.ബി.	കൃഷി ഒാഫീസർ	01-04-2020	05-10-2020
ശ്രീമതി.ആർദ്ര ആൻ പോൾ	കൃഷി ഒാഫീസർ	06-10-2020	31-03-2021
ശ്രീമതി ഒാമന ഇ.കെ.	ഹെഡ്മിസ്ട്രസ്	01-04-2020	31-03-2021
ഡോ.അഭിജിത്ത് തമ്പാൻ	വെറ്റിനറി സർജൻ	01-04-2020	26-02-2021
ഡോ.സുജ ജോൺ	വെറ്റിനറി സർജൻ	26-02-2021	08-03-2021
ഡോ.ബിന്ദു രാജ് ആർ	വെറ്റിനറി സർജൻ	09-03-2021	31-03-2021
ശ്രീമതി രാജശ്രീ റ്റി.ആർ.	അസി.സെക്രട്ടറി	01-04-2020	31-03-2021
ശ്രീ.അജിത് ജേക്കബ്	അസി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ. റോസ് ലിൻ ജോസഫ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2020	31-03-2021

07/11/2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തികവിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	വാർഷികപദ്ധതി -അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വസ്തുനികുതി നിർണ്ണയത്തിൽ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല	1-11
12	തൊഴിൽനികുതി അടവാക്കായിട്ടില്ല	1-12
13	തൊഴിൽ നികുതി - അപാകതകൾ	1-13
14	ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച്	1-14
15	മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകൽ- നിരക്ക് പൊതുമരാമത്ത് (കെട്ടിട) വിഭാഗം സാക്ഷ്യപ്പെടുത്തിയില്ല	1-15
16	വിത്തുകൾ / തൈകൾ വാങ്ങൽ - അപാകതകൾ	1-16
17	മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-17
18	വാഹനപരിപാലനം - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല	1-18
19	പഞ്ചായത്താഫീസിലേക്ക് ഗ്യാസ് കണക്ഷൻ- ആവശ്യകത വ്യക്തമല്ല	1-19
20	ഉന്നതവിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് മൊമെന്റോ-അപാകതകൾ	1-20
21	ടെൻഡർ ഡിഡക്ഷൻ കുറവുചെയ്തില്ല. കരാറുകാരന് അധിക തുക അനുവദിച്ചു.	1-21
22	മാതക്കവല-പെരുമ്പടപ്പ് റോഡ്- മരാമത്ത്ചട്ടങ്ങളുടെ ലംഘനത്തിന് കരാറുകാരനിൽനിന്നും പിഴ ഈടാക്കിയില്ല	1-22
23	യഥാസമയം കരാറിലേർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാത്തതിന് പിഴ ഈടാക്കിയില്ല	1-23
24	പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന പൂർത്തിയാക്കേണ്ടതാണ്.	1-24
25	അങ്ങാടിപ്പള്ളി -ആറാട്ടുകടവ് ഓടനിർമ്മാണം - വിഭവസ്രോതസ്സിൽ മാറ്റം വരുത്തിയത് ക്രമപ്രകാരമല്ല	1-25
26	തെരുവുവിളക്കു് മെയിന്റനൻസ്- നിർവ്വഹണനടപടിക്രമങ്ങളിൽ അപാകതകൾ	1-26
27	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- അടവുതുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.	1-27
28	അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല	1-28
29	കുടിവെള്ള വിതരണം-അപാകതകൾ	1-29
30	പ്രത്യേക ആവശ്യത്തിന് ലഭിച്ച് ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു	1-30
31	വസ്തുവകകൾ പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ആസ്തിയിലാക്കാനുള്ള കമ്മിറ്റി തീരുമാനം രണ്ട് വർഷങ്ങൾക്കു ശേഷവും നടപ്പായിട്ടില്ല	1-31
32	കന്നുകുട്ടിപരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-32
33	തെരുവുനായ വന്ധ്യംകരണം -പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമല്ല	1-33
34	അഗതി രഹിത കേരളം പദ്ധതി- തുക പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്	1-34

35	ഫിറ്റ് കോട്ടയം ക്യാൻ കോട്ടയം - പ്രവൃത്തിനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യല്ല.	1-35
36	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ	1-36
37	ലൈഫ് പദ്ധതി അവലോകനം.	1-37
38	ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം	1-38
39	വിനിയോഗവിവരം ലഭ്യമല്ല -ചെലവ് തടസ്സപ്പെടുത്തുന്നു.	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ടെൻഡർ ഡിഡക്ഷൻ കുറവുചെയ്തില്ല. കരാറുകാരന് അധിക തുക അനുവദിച്ചു.	3-1
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.03.2020 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	5759374	18903024
വരവ്	202842132	81621742
ആകെ	**208601506**	**100524766**
ചെലവ്	198991420	91775548
നീക്കിയിരിപ്പ്	9610086	8749218

1-2 വാർഷിക ധനകാര്യ പത്രിക

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 15,63.31,456/- രൂപയും ചെലവ് 16,54,70,222/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 72,75,515/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 9,23,14,493.94/- രൂപയും ബാധ്യതകളുടെ മൂല്യം 6,13,55,439.95/- രൂപയും ജനറൽ ഫണ്ട് 3,09,59,053.99/- രൂപയുമാണ്. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(പി)152/2011 തസ്വഭവ തീ.26.2.2011ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി,നവാഹനം എന്നിവയുടെ മൂല്യം കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം ഷെഡ്യൂൾ B-11 ൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. പ്രോജക്ട് നം.218/21, 249/21 എന്നീ പദ്ധതികൾക്കായി തൻവർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 14528/-രൂപ (11528+3000) വാർഷികകണക്കുകളിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.
4. മഴക്കാല പൂർവ്വശുചീകരണത്തിന്റെ ശുചിത്വ മിഷൻ വിഹിതമായി തൻവർഷം 320000 രൂപ (160000x2) വരവും ചെലവുമുണ്ട്. ഇതിൽ 160000 രൂപ ബാദ്ധ്യതയായി 3 ൽ തുടങ്ങുന്ന ഹെഡ്ഡിലും (RP-31) 160000 രൂപ തെറ്റായി 1 ൽ തുടങ്ങുന്ന ഹെഡ്ഡിലുമാണ് (RP-7) റസീപ്റ്റ് ചെയ്തിട്ടുള്ളത്. എന്നാൽ ആയതിന്റെ ചെലവ് Grants From Suchithwa Mission എന്ന ഹെഡ്ഡിൽ തന്നെ ബുക്ക് ചെയ്തതിനാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷികകണക്കുകളിലെ I(6) ഷെഡ്യൂളും തമ്മിൽ 320000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
5. ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആകയാൽ B-18 ഷെഡ്യൂളിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പ്, തൻവർഷ വിവരങ്ങൾ, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്.
6. ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം അക്കൗണ്ടിലെ നീക്കിയിരിപ്പ് 279535 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ (320100121) പ്രസ്തുതയിനത്തിൽ 868048 രൂപയാണ് ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വന്നിട്ടുള്ള 588513 രൂപ റ്റി.എസ്.ബി. ജോയിന്റ് വെൻചർ അക്കൗണ്ടിലേതാണ്. (കേന്ദ്ര വിഹിതം ജോയിന്റ് വെൻചർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് മൂലം സംഭവിച്ചത്).

7. Unemployment Allowance ഇനത്തിൽ തൻ വർഷം നൽകിയിട്ടുള്ള 17040 രൂപ റസീപ്റ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

8. ഷെഡ്യൂൾ B9 ൽ 350800101 Liability In Respect Of Stale Cheques ഹെഡിലെ 1014291 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

9. ഗുണഭോക്തൃ വിഹിതമിനത്തിൽ മുൻവർഷം ചെലവഴിച്ച 1833226 രൂപ തൻ വർഷം I-18 ഷെഡ്യൂളിൽ Prior Period Item ആയിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.

10. തൻവർഷ കുടിശ്ശിക തുകകൾക്കായി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-5 ഷെഡ്യൂളിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

12. തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

13. ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ 20614183 രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

14. വസ്തു നികുതി (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

15. കിട്ടാനുള്ള തുകയായി B-15 ഷെഡ്യൂളിൽ അവശേഷിക്കുന്ന ബസ് സ്റ്റാന്റ് ഫീ (431400108) 63,650 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

1-3 സാമ്പത്തികവിശകലനം

മുന്നിരിപ്പ്	18903024
ഓഡിറ്റ് വർഷത്തെ വരവ്	81621742
ആകെ	100524766
ഓഡിറ്റ് വർഷത്തെ ചെലവ്	91775548
നീക്കിയിരിപ്പ്	8749218
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	7104
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3261494

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സഞ്ചിത നിധിയിലേക്ക് തിരികെ / നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ	0	17723000	17723000	15399946	2323054
വികസന ഫണ്ട്-എസ്.സി.പി	0	4306000	4306000	3730043	575957
വികസന ഫണ്ട്-ടി.എസ്.പി	0	165433	165433	127000	38433

മെയിന്ററനൻസ്, റോഡ്	0	8523000	8523000	8507589	15411
മെയിന്ററനൻസ്, നോൺ-റോഡ്	0	4136000	4136000	2370862	1765138
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്	0	9544510	9544510	5502486	4042024
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്ടൈഡ്	0	5630000	5630000	3660000	1970000
എസ് എസ് എ	15994	440	**16434**	0	16434
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ്	1536708	523808	2060516	1192468	868048
ശുചിത്വമിഷൻ ഗ്രാന്റ്	1108200	1978096	**3086296**	1448369	1637927
ടോട്ടൽ സാനിട്ടേഷൻ	139048	0	139048	0	139048
ടി എസ് സി	120000	0	120000	120000	0

1. ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 വാർഷികപദ്ധതി -അവലോകനം

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി 24-1-20-ൽ ആസൂത്രണസമിതി യോഗംചേർന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൻവർഷം ഊരുകൂട്ടയോഗം, വികലാംഗ ഗ്രാമസഭ, വയോജനഗ്രാമസഭ എന്നിവ ഒരു തവണമാത്രമേ നടന്നിട്ടുള്ളൂ. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	സമയക്രമം
വർക്കിംഗ് ഗ്രൂപ്പ് യോഗം	3-7-20
ഗുണഭോക്തൃഗ്രാമസഭ	4-1-21 മുതൽ 7-1-21 വരെ തീയതികൾ
ഭിന്നശേഷി ഗ്രാമസഭ	21-1-21

നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം	7-2-20
മത്സ്യസഭ	6-2-20
വികസനസെമിനാർ	7-2-20

മേൽപ്പറഞ്ഞ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച 2020-21-ലെ വാർഷികപദ്ധതിക്ക് 6-7-20-ലെ 1(1)-ാം തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാആസൂത്രണ സമിതിയുടെ 80898/20/DPO/KTM/DPC/26-2-21 നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിട്ടുണ്ട്. അങ്കൺവാടി ജീവനക്കാരുടെ പ്രതിഫലം നൽകൽ, ലൈഫ്മിഷൻ വായ്പാമുതൽ തിരിച്ചടവ്, വോട്ടിംഗ് മെഷീൻ വാങ്ങൽ എന്നീ ഉദ്ദേശങ്ങൾക്കായി തുക സ്രോതസ്സിൽ കിഴിവു ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവു പ്രകാരം ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ഉൾപ്പെടെ വാർഷിക പദ്ധതിയുടെ ഡിപിസി അംഗീകരിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകളുടെ എണ്ണം (പുതിയവ)	സ്പിൽ ഓവർ	ആകെ	വിവിധ വിഭവ സ്രോതസുകളിൽ നിന്ന് വകയിരുത്തിയ ആകെ തുക
137	126	263	127258751

<u>വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ</u>

ആകെ 263 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 202 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ ഫണ്ടിനങ്ങളിലായി ആകെ രൂപ 127258751 രൂപ വകയിരുത്തിയതിൽ 68332960 രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 53.69 ശതമാനം മാത്രമാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

നിർവഹണോദ്യോഗസ്ഥൻ	അംഗീകാരം കിട്ടിയ പ്രോജക്ടുകൾ	തുക ചെലവഴിച്ചിട്ടുള്ളവ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവു ശതമാനം
കൃഷി ഓഫീസർ	14	11	66,82,600	52,32,591	78.3
വെറ്ററിനറി സർജൻ	9	7	23,24,500	15,64,000	67.28%
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	2	2	1000000	797030	79.7%
ഫിഷറസ് എക്റ്റൻഷൻ ഓഫീസർ	4	0	1046666	0	0
വി.ഇ.ഓ	16	15	2,92,15,827	14622000	50.04%
ഐസിഡിഎസ് സൂപ്പർവൈസർ	12	9	73,47,128	4391462	59.77%
സെക്രട്ടറി	49	39	2,05,35,835	91,96,491	44.78%
അസിസ്റ്റന്റ് സെക്രട്ടറി	8	7	2131200	1767621	82.94%
ഹെഡ് മാസ്റ്റർ	2	2	81664	76624	93.82%
അസിസ്റ്റന്റ് എൻജിനീയർ	144	107	53894331	29375501	**54%**
ഡയറി എക്റ്റൻഷൻ ഓഫീസർ	3	3	2,999000	1309640	43.66%

	263	202	127258751	68332960	53.69%

വാർഷികപദ്ധതിച്ചെലവ് കേവലം 53.69% - നഷ്ടമായത് 1.29 കോടി രൂപ

പദ്ധതി രൂപീകരണത്തിന്റെ പ്രാഥമികഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിലും അംഗീകാരം കിട്ടിയ പ്രോജക്ടുകൾ അധികവും നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ നിർവ്വഹണഘട്ടത്തിലുണ്ടായ കാലതാമസവും, മാർച്ച് മാസത്തിൽ ട്രഷറിനിയന്ത്രണം മൂലം പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും ബിൽ പാസ്സാകാതെ ക്യൂവിലാവുകയും ചെയ്തതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. വകയിരുത്തിയ തുകയുടെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കാനായുള്ളൂ. ആയതിനാൽ വിവിധ വിഭാഗങ്ങളിലായി ബജറ്റ് പ്രകാരം അനുവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയ തുകയും പ്രോജക്ട് നടപ്പായിട്ടും ട്രഷറിയിൽപാസ്സാകാതെ ക്യൂലിസ്റ്റിലായ ബിൽ തുകകളും ഉൾപ്പെടെ ആകെ 1,07,30,017/- രൂപ വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട് തരം	ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	23,23,054
എസ്.സി.പി	575957
റ്റി.എസ്.പി	38433
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	40,42,024
സംരക്ഷണഗ്രാന്റ്(റോഡ്)	15411
സംരക്ഷണഗ്രാന്റ്(നോൺ റോഡ്)	1765138
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്	1970000
ആകെ	1,07,30,017

വികസനപദ്ധതികൾക്കായി പഞ്ചായത്തിന് ലഭ്യമാക്കുന്ന വിവിധ സർക്കാർഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ നഷ്ടമാകുന്ന സാഹചര്യം പരിശോധിക്കേണ്ടതും ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള പരിഹാരനടപടികൾ വരും വാർഷികപദ്ധതികളിൽ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ

144 പ്രോജക്ടുകളുടെ നിർവ്വഹണ ചുമതലയാണ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിരുന്നത്. ആയതിൽ 107 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 82 പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള വിഹിതം ലഭ്യമാകാഞ്ഞതിനാൽ തൻവർഷത്തെ പദ്ധതികൾക്കു ചെലവഴിക്കേണ്ട വിഹിതത്തിൽ നിന്നും ചെലവ് നടത്തേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഈ രീതി ഓരോ വാർഷികപദ്ധതികളിലും തുടർന്നുപോരുന്നതായിട്ടാണ് കാണുന്നത്. ഏകവർഷ പ്രോജക്ടായി അംഗീകാരം ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതും മൂന്നോ നാലോ മാസങ്ങൾ മാത്രം പൂർത്തീകരണം അനുവദിക്കുന്നതുമായ മിക്ക റോഡ്പ്രവൃത്തികളും യഥാസമയം പൂർത്തീകരിക്കുന്നില്ല. പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് കരാറുകാരന്റെ അപേക്ഷയോ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ ഇല്ലാതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫൈൻ ഒഴിവാക്കിയിട്ടുള്ളതായും കാണുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 549 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 229 പദ്ധതികളിൽ 229 എണ്ണം പൂർത്തീകരിച്ചു. 2020-21 വർഷം 16 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട്

അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 68515 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 69.49 ആണ്. 986 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പാടശേഖരങ്ങളുടെ വാച്ചാൽ ആഴം കൂട്ടൽ, തോടുകളുടെ പുനരുദ്ധാരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്കു പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	5242	1108090	1113332	1067724	45608
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	24684188	24684188	24684188	0
ആകെ	5242	25792278	25797520	25751912	45608

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	17040	24
കർഷകതൊഴിലാളി പെൻഷൻ	15623700	6167
വിധവാപെൻഷൻ	8999000	3569
വാർദ്ധക്യകാലപെൻഷൻ	24185800	9657
വികലാംഗപെൻഷൻ	3673200	1443
അവിവാഹിത സ്ത്രീ പെൻഷൻ	382800	150

ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള പരമാവധി കാലയളവ് 40-45 ദിവസം ആയിരിക്കെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം അപേക്ഷകളും 25-35 ദിവസത്തെ കാലയളവിൽ തന്നെ തീർപ്പാക്കിയിട്ടുണ്ട്.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ 22.09.2021 നടത്തുകയുണ്ടായി. പരിശോധനയിൽ 52705/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പരിപാലിക്കാത്തതും നടപടിക്രമങ്ങൾ പാലിക്കാതെ മരാമത്ത് സ്വഭാവമുള്ള പ്രവർത്തികൾ ചെയ്യുന്നതും അപാകതകളായി ഓഡിറ്റ് വീക്ഷിക്കുന്നു. തൊഴിൽ നികുതി രജിസ്റ്ററിലും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമാണ്. വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ പ്രോജക്ട് ഫയലുകൾ മാതൃകാപരമായി പരിപാലിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	26.08.2021	4/20 – 6/21	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26.05.2014	2009-10 മുതൽ 2013-14 വരെ	LBA(HG)-11/8A-2168/169 DT 24.07.2017

1-11 വസ്തുനികുതി നിർണ്ണയത്തിൽ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള 272/A എന്ന കെട്ടിടം പാർപ്പിടാവശ്യം എന്ന ഉപയോഗത്തിലാണ് അസ്സസ് ചെയ്തിരിക്കുന്നത് കെട്ടിടവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ, മേൽ കെട്ടിടം 12 ബെഡ്റൂമുകളോട് കൂടിയതാണെന്ന് ഉപയോഗക്രമം സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണെന്നും കാണുന്നു. മേൽ വിഷയത്തിൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (10/24.09.21) മേൽ കെട്ടിടം റസിഡൻഷ്യൽ വിഭാഗത്തിലാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിച്ചതെന്ന് അറിയിച്ചു. ഈ വിഷയത്തിൽ നിലവിലെ സ്ഥിതി നേരിട്ട് പരിശോധന നടത്തി വിവരം ഓഡിറ്റിൽ ധരിപ്പിക്കുന്നതാണെന്നും അറിയിച്ചു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള പ്രദേശമെന്ന നിലയിൽ ഹോസ്റ്റലുകൾ, ഹോംസ്റ്റേ തുടങ്ങിയ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ പഞ്ചായത്തിൽ കൂടുതലായുള്ളതായി കാണുന്നു. വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ പഞ്ചായത്ത് നടത്തിയ പരിശോധനയിൽ റസിഡൻഷ്യൽ ഉപയോഗക്രമത്തിൽ അപേക്ഷിച്ച കെട്ടിടങ്ങളിൽ പലതും സൈറ്റ് പരിശോധനയിൽ വ്യത്യസ്ത ഉപയോഗക്രമത്തിലുള്ളവയാണെന്ന് വ്യക്തമായിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിൽ വിശദമായ പരിശോധന നടത്തേണ്ടതും ഉപയാഗക്രമത്തിന് ആനുപാതികമായ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

1-12 തൊഴിൽനികുതി അടവാക്കായിട്ടില്ല

1) 2020-21 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	തൊഴിൽനികുതി അടവാക്കാത്ത അർദ്ധ വർഷം
1	ടി എസ് നം 41	1,2
2	ടി എസ് നം 44	1,2
3	ടി എസ് നം 48	1,2
4	ടി എസ് നം 52	1,2
5	തുരുത്തിമറ്റത്തിൽ ഫിനാൻസ് ആർപ്പൂക്കര	1,2

2) KHRWS ഗാന്ധിനഗർ എന്ന സ്ഥാപനം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/23.09.21) ലഭ്യമാക്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി /തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ഒന്നാം അർദ്ധവർഷ അടവാക്കിയ ജീവനക്കാർ രണ്ടാം പാദത്തിൽ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ പേര്, തസ്തിക
1	KHRWS, ഗാന്ധിനഗർ	പി വി മോളിക്കുട്ടി, പേ വാർഡ് അസിസ്റ്റന്റ്
2	ബ്ലഡ് ബാങ്ക്, ഗാന്ധിനഗർ	ദിവ്യ പീറ്റർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ
3	മെഡിക്കൽ കോളേജ്, ഗാന്ധിനഗർ	മെറിൻ ജോർജ്, സ്റ്റാഫ് നേഴ്സ്
4	മെഡിക്കൽ കോളേജ്, ഗാന്ധിനഗർ	ഷാർമി ബി, സ്റ്റാഫ് നേഴ്സ്
5	ഡോ ബിജിൻ ബി എസ്	അസി.പ്രൊഫസ്സർ
6	മായാ ദേവി എം എൻ	സീനിയർ ക്ലർക്ക്

ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച് സ്ഥാപനങ്ങൾ ലഭ്യമാക്കിയ രേഖയിലോ തൊഴിൽ നികുതി രജിസ്റ്ററിലോ മേൽ ജീവനക്കാർ സ്ഥലം മാറി പോയതായോ വിരമിച്ചതായോ ജോലിയിൽ നിന്നും വിടുതൽ ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ ചില ജീവനക്കാർ ഒന്നാം പാദത്തിൽ അടവാക്കിയ തുകയിലും കുറവായ തുക രണ്ടാം പാദത്തിൽ അടവാക്കിയതായി കാണുന്നു. കുറവ് തുക അടവാക്കിയത് സംബന്ധിച്ച് രജിസ്റ്ററിലോ സ്ഥാപന ഉടമ സമർപ്പിച്ച ലിസ്റ്റിലോ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	സ്ഥാപനത്തിന്റ പേര്	ജീവനക്കാരന്റെ പേര്	തൊഴിൽ നികുതി ഒന്നാം പാദം	തൊഴിൽ നികുതി രണ്ടാം പാദം
1	കോളേജ് ഓഫ് നേഴ്സിംഗ്, ഗാന്ധിനഗർ	എ സി പ്രസാദ് ക്ലർക്ക്	750	450
2	ആശുപത്രി വികസന സമിതി	ബീന പി ജി, ക്ലീനിംഗ് സ്റ്റാഫ്	1000	750
3	ആശുപത്രി വികസന സമിതി	അനിതാമ്മ കെ എസ്, ക്ലീനിംഗ് സ്റ്റാഫ്	1000	750
4	ആശുപത്രി വികസന സമിതി	രാജി എം സി, ക്ലീനിംഗ് സ്റ്റാഫ്	1000	750

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/23.09.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ ജീവനക്കാരിൽ പലരും തൊഴിൽ നികുതി ഒടുക്കിയതാണെന്ന് മറുപടി നൽകി. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ മുഖ്യ വരുമാന സ്രോതസ്സ് തൊഴിൽ നികുതിയാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെ സൂക്ഷിപ്പിൽ അപാകതകളുണ്ട്. സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. എഴുപത്തിരണ്ടോളം സ്ഥാപനങ്ങളാണ് നിലവിൽ പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുന്നത്. ആയതിൽ കോട്ടയം മെഡിക്കൽ കോളേജിൽ ആയിരത്തിലധികം ജീവനക്കാർ തൊഴിൽ നികുതി അടയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള വലിയ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടുയുള്ള തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതുമാണ്.

1-14 ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച്

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 2019-20, 20-21 വർഷങ്ങളിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 ൽ 301 സ്ഥാപനങ്ങൾക്കും 2020-21 വർഷം 241 സ്ഥാപനങ്ങൾക്കും മാത്രമെ ഗ്രാമപഞ്ചായത്ത് നിയമാനുസൃത ലൈസൻസ് നൽകിയിട്ടുള്ളു എന്ന് കാണുന്നു. എന്നാൽ സഞ്ചയ സോഫ്ട്‌വെയർ പ്രകാരം 1200 ലധികം വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് അനുവദിച്ച് പ്രവർത്തിക്കേണ്ടതായ ഗണത്തിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസ് നൽകേണ്ടതായ എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 25 തീയതി 29.09.2021 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസ് നൽകേണ്ടതായ എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും നിയമാനുസൃത ലൈസൻസ് നൽകേണ്ടതാണ്.

1-15 മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകൽ- നിരക്ക് പൊതുമരാമത്ത് (കെട്ടിട) വിഭാഗം സാക്ഷ്യപ്പെടുത്തിയില്ല

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പതിനാറാം വാർഡിൽ പിണഞ്ചിറക്കുഴി ജംഗ്ഷനിൽ ശ്രീമതി ബേബി പി സ്കറിയ എന്നയാളുടെ ഉടമസ്ഥതയിലുള്ള 60.85m2 വിസ്തീർണ്ണമുള്ള 16/247D നമ്പർ കെട്ടിടം മാവേലി സ്റ്റോർ പ്രവർത്തിക്കുന്നതിന് വാടകയ്ക്ക് എടുക്കുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ നിശ്ചയിച്ച പ്രതിമാസ വാടകയായ 10300രൂപ അംഗീകരിച്ച് 1/12/2019 മുതൽ മൂന്നു വർഷത്തേയ്ക്ക് വാടക നൽകാൻ പഞ്ചായത്ത് കമ്മറ്റിയുടെ 15/12/2019 ലെ 8/2 നമ്പർ തീരുമാനപ്രകാരം തീരുമാനിക്കുകയും കക്ഷിയുമായി കരാറിലേർപ്പെടുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ/തീയതി	കാലയളവ്	തുക
22000182/26/05/20	1/20-3/20	30900
22000502/19.05.20	4/20-6/20	30900
22000891/3.12.20	7/20-11/20	51500
22001264/23.02.21	12/20-1/21	20800
ആകെ		134100

* 1/21 മുതൽ വാടക 10500 രൂപയായി ഉയർത്താൻ 17/02/21 ലെ കമ്മിറ്റി തീരുമാനിച്ചു.

ജി.ഒ.(ആർ.ടി) 269/2016 തീയതി 5/2/2016 പ്രകാരം പ്രതിമാസ വാടക നിശ്ചയിക്കാൻ പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തിന്റ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതും

ആയതിന്റെ അടിസ്ഥാനത്തിൽ വാടക നിരക്ക് പുനപരിശോധിക്കേണ്ടതുമാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ വാടക നൽകാൻ ചെലവഴിച്ച 134100/- തടസ്സപ്പെടുത്തുന്നു.

1-16 വിത്തുകൾ / തൈകൾ വാങ്ങൽ - അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വിത്തുകൾ /തൈകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്നും വാങ്ങൽ നടത്തിയതായി കാണുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്,നമ്പർ	അടങ്കൽ,ഫണ്ടിനം	ചെലവഴിച്ച തുക	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന് കൈമാറിയ തുക
1	വാഴവിത്ത് വിതരണം (183/20-21)	150000 – വികസന ഫണ്ട്	150000	150000 ബിൽ നം 1/2020-21 Dtd 8.10.2020
2	കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം(184/20-21)	150000 – വികസന ഫണ്ട്	150000	150000 ബിൽ നം 2/2020-21 Dtd 8.10.2020
3	ജാതിതൈ വിതരണം(196/20-21)	50000 -തനത് ഫണ്ട് 16800 -ഗുണഭോക്തൃവിഹിതം	30000-തനത് ഫണ്ട് -10000 -ഗുണഭോക്തൃവിഹിതം	40000 ചെക്ക നമ്പർ - 742199 Dtd 29.01.21
4	ഗ്രോ ബാഗിൽ പച്ചക്കറി വിതരണം(197/20-21)	240000 – വികസന ഫണ്ട് 80000 -ഗുണഭോക്തൃവിഹിതം	225000 – വികസന ഫണ്ട് 75000- ഗുണഭോക്തൃവിഹിതം	300000 ബിൽ നം 6/2020-21 Dtd 04.03.21=150000 ബിൽ നം 12 /2020-18.03.21 Dtd =75000 75000 - 2717171 / 29.03.21 = 923340
5	ഇഞ്ചി മഞ്ഞൾ തൈ വിതരണം ഗ്രോബാഗിൽ(വനിത) 201/20-21	108000 – വികസന ഫണ്ട് ജനറൽ 24000- ഗുണഭോക്തൃവിഹിതം	34200 - വികസന ഫണ്ട് ജനറൽ 7600- ഗുണഭോക്തൃവിഹിതം	41800 ബിൽ നം 5 *2020-21dtd 29.01.21 =20250* *ബിൽ നം 9 2020-21dtd 16.03.21 =13950* *2717171 / 29.03.21 = 923340*
			ആകെ	721490

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാങ്ങൽ നടത്തേണ്ടത് കൃഷി വകുപ്പ്, കൃഷി വകുപ്പ് അംഗീകാരമുള്ള ഫാമുകൾ, നാഷണൽ സീഡ് കോർപറേഷൻ, വിത്ത് വികസന അതോറിട്ടി, VFPCK എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്. നിലവിൽ വാങ്ങൽ നടത്തിയ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ ഫാമുകളിൽ നിന്നും വിത്തുകൾ /തൈകൾ വാങ്ങുന്നത് അനുമതി നൽകുന്ന ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനത്തിന്റെ ഫാമുകൾക്ക് അംഗീകാരമുണ്ടോയെന്നതും വ്യക്തമല്ല. മേൽ രേഖകളുടെ അഭാവത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ

നിന്നും വാങ്ങൽ നടത്തിയ 751490 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകളോ ഉത്തരവോ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 മരാമത്ത് സ്വഭാവമുള്ള പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21വർഷം നടപ്പാക്കിയ വിവിധ പ്രവർത്തികൾക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. മരാമത്ത് സ്വഭാവമുള്ള ഇലക്ട്രിഫിക്കേഷൻ, ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾക്ക് ആവശ്യം വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ക്വട്ടേഷൻ ക്ഷണിയ്ക്കുകയോ മരാമത്ത് നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്യാതെ കണ്ടിജന്റ് ചെലവ് എന്ന് കണക്കാക്കിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇന വിവരം	തുക	വൗച്ചർ നം./ തീയതി	ചെലവു ചെയ്തതിലെ അപാകത	തുക നൽകിയിട്ടുള്ള സ്ഥാപനം/ വ്യക്തി
1	ക്ലീനിങ്ങ് ചാർജ്ജ് -ഇനിയും പുഴ ഒഴുകട്ടെ	93250	2200025/ 08/06/20	എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല, വാല്യുവേഷൻ ഇല്ല. പ്രോജക്ടായി ഏറ്റെടുക്കേണ്ടതിനു പകരം കണ്ടിജന്റ് ചെലവ് എന്ന രീതിയിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയാണ് ചെയ്തത്	ജോസഫ് പി യു
2.	പ്രീ മൺസൂൺ ക്ലീനിങ്ങ്	45450	22000310/ 30/06/20	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല. പ്രവർത്തിയുടെ നിർവ്വഹണം നടത്തേണ്ടത് വാർഡ് തല സാനിട്ടേഷൻ കമ്മറ്റി, അവർക്ക് കൈമാറിയ തുക ഉപയോഗിച്ചാണ്. ഇതു കൂടാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനാൽ ചെലവു പരിധി അധികരിച്ചതായി കാണുന്നു	അനുരാഗ്, പ്രിൻസ്, ഷിജോ
3	ആയുർവേദ ആശുപത്രി പ്ലംബിങ്ങ്, വയറിങ്ങ്	17332	22000790/ 6/11/20	എസ്റ്റിമേറ്റ് ഇല്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.	കരിപുറം ഡിസ്ട്രിബ്യൂട്ടേഴ്സ്
4	തൊണ്ണംകുഴി ഷോപ്പിങ്ങ്	9905	2200839/18/11/20	എസ്റ്റിമേറ്റ് ഇല്ല,ക്വട്ടേഷൻ	കെ എസ് സുരേഷ് ബാബു

	കോംപ്ലക്സ് വാട്ടർ കണക്ഷൻ			ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല.	
5	പഞ്ചായത്ത് ഹെൽപ് ഡെസ്ക് വൈദ്യുതീകരണം	10870	22000850/ 30/11/20	എസ്റ്റിമേറ്റ് ഇല്ല,ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല.	കരിപുറം ഡിസ്ട്രിബ്യൂട്ടേഴ്സ്
	ആകെ	176807			

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

1-18 വാഹനപരിപാലനം - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ചുള്ള ധനവകുപ്പിന്റെ സർക്കുലർ നം. 41/2008/ധന. തീയതി 02.08.2008 ഖണ്ഡിക 5 പ്രകാരം ഇന്ധന ക്ഷമത ടെസ്റ്റ് ആറുമാസത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ വാഹനത്തിന്റെ (KL5/Z 8153 ബൊലേറോ ജീപ്പ്) ഇന്ധന ക്ഷമത ടെസ്റ്റ് 27/12/2010 നു ശേഷം നടത്തിയതായികാണുന്നില്ല. ആയതിനാൽ കമ്പിനി നൽകുന്ന ഇന്ധനക്ഷമത ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താനാവുന്നില്ല.

ടി സർക്കുലർ ഖണ്ഡിക 6 പ്രകാരം തൻമാസത്തെ ഇന്ധനഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനദിവസം രേഖപ്പെടുത്തണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

സർക്കുലറിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.21/28.09.21) നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വാഹനങ്ങളുടെ ഉപയോഗം ക്രമാനുസൃതമാണെന്നും വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

1-19 പഞ്ചായത്താഫീസിലേക്ക് ഗ്യാസ് കണക്ഷൻ- ആവശ്യകത വ്യക്തമല്ല

വൗച്ചർ നമ്പർ-22000411/23.7.20 തുക 4127

പഞ്ചായത്ത് ഓഫീസിലേക്ക് ഗ്യാസ് കണക്ഷൻ എടുത്തതിന് ഹിന്ദുസ്ഥാൻ ഗ്യാസ് ഏജൻസീസ് ഏറ്റുമാനൂരിന് മേൽ വൗച്ചർ പ്രകാരം 4127 രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലേക്ക് ഗ്യാസ് കണക്ഷൻ എടുത്ത സാഹചര്യം/ആവശ്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

1-20 ഉന്നതവിദ്യാഭ്യാസം നേടിയ കുട്ടികൾക്ക് മൊമെന്റോ-അപാകതകൾ

പ്രോജക്ട് നം.	356/21
ഫണ്ടിനം	വികസനഫണ്ട്(ജനറൽ)
ചെലവ്	31664
ബിൽ നം.	1/2020-21/02.11.20
നിർവ്വഹണോദ്യാഗസ്ഥ	എച്ച്.എം,ഗവ.എൽ.പി.സ്ക്കൂൾ

മേൽ പ്രോജക്ടിലുൾപ്പെടുത്തി ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ SSLC യ്ക്ക് എല്ലാ വിഷയങ്ങൾക്കും A+ നേടിയ 19 വിദ്യാർത്ഥികൾക്കും Plus Two വിന് എല്ലാ വിഷയങ്ങൾക്കും A+ നേടിയ 16 വിദ്യാർത്ഥികൾക്കും മൊമെന്റോയും പുസ്തകങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രസ്തുത പ്രോജക്ട് പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഉൾപ്പെട്ടിട്ടില്ല.
2. D DRIVE COMMUNICATIONS KOTTAYAM എന്ന സ്ഥാപനത്തിൽ നിന്നും 15300 രൂപയ്ക്ക് മൊമെന്റോയും Current Books Pvt.Ltd എന്ന സ്ഥാപനത്തിൽ നിന്നും 16364 രൂപയ്ക്ക് പുസ്തകങ്ങളും വാങ്ങിയിട്ടുണ്ട്. 2013 ലെ സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരം എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും ഒരു തവണ 15000 രൂപയിൽ കൂടുതലുള്ള പുസ്തകങ്ങളും

ആനുകാലികങ്ങളും വാങ്ങുന്നതിന് പ്രമുഖരായ പ്രസാധകരിൽ നിന്നും പുസ്തക വില്പനക്കാരിൽ നിന്നും സാധാരണ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/25.09.21) പ്രസ്തുത പ്രോജക്ട് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയതിനാലാണ് നടപ്പാക്കിയതെന്നും വാങ്ങലുകൾക്ക് ക്വട്ടേഷൻ വേണമെന്ന് അറിവില്ലായിരുന്നെുന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മാർഗ്ഗരേഖയിലില്ലാത്ത ഒരു പ്രോജക്ടിന് അംഗീകാരം നൽകിയ പഞ്ചായത്ത് കമ്മിറ്റിയുടെ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ഭാവിയിൽ മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ടുകൾ നടപ്പാക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതും വിവിധ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്ക്കർഷിക്കുന്ന ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-21 ടെൻഡർ ഡിഡക്ഷൻ കുറവുചെയ്തില്ല. കരാറുകാരന് അധിക തുക അനുവദിച്ചു.

പ്രോജക്ട്	333/21
വകയിരുത്തൽ	200000/-(തനതുഫണ്ട്)
ചെലവ്	89856/-
ബിൽ/ചെക്ക് നമ്പർ	188215/30-3-21
കരാറുകാരൻ	ജോർജുകുട്ടി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജ് ബസ്സ്റ്റാന്റ് നവീകരണവുമായി ബന്ധപ്പെട്ട മേൽ പ്രോജക്ട് പ്രകാരം തനതുഫണ്ടിൽ നിന്നും 89856/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.2% കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ.ജോർജ്ജ്കുട്ടി എന്നയാളുടെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. അളവുപുസ്തകം പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 80228/-രൂപയാണ്. എന്നാൽ ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാതിരുന്നതിനാൽ കാരാറുകാരന് അധിക തുക അനുവദിക്കാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

	അർഹമായത്	അനുവദിച്ചത്
ആകെ മൂല്യം	80228.07	80228.07
ടെൻഡർ വ്യത്യാസം 8.2% ബാക്കി കൂട്ടുക സിജിഎസ് റ്റി 6% എസ്.ജി.എസ്.റ്റി6%	6578.75 73649. 4419 4419	- 4814 4814
ആകെ	82487	89856.
റിക്കവറികൾ IT1% -736 Cwwf-736 Cgst-736 Sgst-736 2944	2944	3209
	79543	86647
അധികം നൽകിയത്	86647-79543= 7104	

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ - 9/23-9-21) മറുപടി ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽനിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. അധികം നൽകിയ തുക കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

1-22 മാതക്കവല-പെരുമ്പടപ്പ് റോഡ്- മരാമത്ത്ചട്ടങ്ങളുടെ ലംഘനത്തിന് കരാറുകാരനിൽനിന്നും പിഴ ഈടാക്കിയില്ല

എ) യഥാസമയം കരാറിലേർപ്പെട്ടില്ല

പ്രോജക്ട്	285/21 മാതക്കവല-പെരുമ്പടപ്പ് റോഡ്
വകയിരുത്തൽ	300000 കരാർ തുക 299500/-
ചെലവ്	295325
ചെക്ക് നമ്പർ	2717155/29-12-20
കരാറുകാരൻ	സി.വി സെബാസ്റ്റ്യൻ

മാതക്കവല പെരുമ്പടപ്പ് റോഡിന്റെ റീടാറിംഗിനായ ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ കരാറുകാരൻ ശ്രീ സി.വി.സെബാസ്റ്റ്യന് 16-12-19-ന് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർവയ്ക്കണമെന്ന് നോട്ടീസിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും പ്രസ്തുത കാലയളവിനകം ടിയാൻ കരാർവച്ചിരുന്നില്ല. പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2009-6 പ്രകാരം 14 ദിവസം കഴിഞ്ഞ് 10 ദിവസം കൂടി കരാർതുകയുടെ 1% തുകയായ 2995/-രൂപ ഈടാക്കി കരാർ വയ്ക്കാവുന്നതാണ്. എന്നാൽ 28-1-20-ൽ മാത്രമാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. കരാർ വയ്ക്കാൻ താമസിച്ചതിന് നിയമാനുസരണം കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയിട്ടുമില്ല. രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽനിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

ബി) പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

പ്രോജക്ട്	192/21 കോലേട്ടമ്പലം ചെറുപുഷ്പം റോഡ് റീടാറിംഗ്
ചെലവ്	395946/-(ചെക്ക് നം 56336/20-4-20)
കരാറുകാരൻ	ഷാനറ്റ് ജോർജ്
കരാർതുക	399888/-

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-18- ലെ എ.സി. 2/223/15 തസ്വഭവ നമ്പർ സർക്കുലർപ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസത്തേക്ക് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും ഈടാക്കേണ്ടതാണ്.

സ്ഥലം കൈമാറിയത്	22-8-19
പൂർത്തീകരണത്തിനനുവദിച്ച സമയം	4 മാസം
പൂർത്തീകരിച്ച തീയതി	16-4-20
22.12.19 മുതൽ 21.03.20 വരെ 1% Of PAC	3999

പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കി കാലതാമസം ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ കരാറുകാരന്റെ ബില്ലിൽനിന്നും പിഴ ഈടാക്കാതിരുന്നതിന്റെ കാരണം രേഖാമൂലം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം. 28/30.09.21) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

1-23 യഥാസമയം കരാറിലേർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാത്തതിന് പിഴ ഈടാക്കിയില്ല

നിയമാനുസൃതസമയപരിധിക്കകം കരാർ വയ്ക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാത്തതിന് കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല.

പ്രോജക്ട്	259/21 നെടിയമുകൾ മംഗളാദേവി ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്
അടങ്കൽ	299433 (സി.എഫ്.സി ഗ്രാന്റ്)
ചെലവ്	292750/-
ബിൽനമ്പർ	25/14-7-20

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സത്യൻ.റ്റി എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും 9-8-19-ൽ ടിയാന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും കരാർ വയ്ക്കാതിരുന്നതിനെ തുടർന്ന് നിയമാനുസൃതനിരക്കിൽ പിഴ അടച്ചുകൊണ്ട് കരാർവയ്ക്കാനനുവദിച്ചുകൊണ്ട് 3-10-19-ൽ കരാറുകാരന് അറിയിപ്പു നൽകിയെങ്കിലും നിർദ്ദേശം പാലിക്കാതിരിക്കുകയും തുടർന്ന് 24-10-19 ൽ വീണ്ടും കരാറുകാരന് കത്ത് നൽകുകയുണ്ടായി. എന്നാൽ വീണ്ടും മൂന്നാഴ്ചയോളം കഴിഞ്ഞതിനുശേഷം 14-11-19-ൽ മാത്രമാണ് ടിയാൻ കരാറിലേർപ്പെടുന്നത്. കരാർ വയ്ക്കാൻ താമസിച്ചതിന് കരാറുകാരനിൽനിന്നും എസ്റ്റിമേറ്റ് പിഎ സിയുടെ 1% വരുന്ന തുകയായ 3120/-(1% Of 311951) പിഴ ആയി ഈടാക്കേണ്ടിയിരുന്നു. നിയമാനുസൃതം പിഴ ഈടാക്കാതിരുന്നതിനാൽ 3120 രൂപ പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്.

കൂടാതെ പ്രവൃത്തിപൂർത്തീകരണത്തിന് അനുവദിക്കപ്പെട്ട സമയം സ്ഥലം കൈമാറിയതു മുതൽ (14-11-19) 4 മാസമായിരുന്നു. ഇതനുസരിച്ച് 14-3-20-ൽ പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും 14-6-20-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ആയതിനാൽ ആദ്യ മൂന്നുമാസത്തേക്ക് എസ്റ്റിമേറ്റ് പി എ സിയുടെ 1% തുകയായ 3120/-രൂപ പിഴയിനത്തിൽ കരാറുകാരന്റെ ബില്ലിൽനിന്നും ഈടാക്കിയില്ല. അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽനിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചു.

കരാറുകാരനിൽനിന്നും യഥാസമയം കരാറിലേർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യാത്തിന് പിഴയിനത്തിൽ 3120/-രൂപ വീതം ആകെ 6240/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-24 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന പൂർത്തിയാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 178 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 77,875 രൂപ വീതം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് 13 വാർഡുകളിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെന്നും ആയതിന്റെ റിപ്പോർട്ട് നാളിതുവരെ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ലെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബാക്കി 3 വാർഡുകളിലെ സംയുക്തപരിശോധന കൂടി ഉടൻ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രമാണ് തുക അടവാക്കുന്നതെന്ന് ഉറപ്പ് വരുത്തി ടിയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുമുണ്ടാകുന്ന ആവർത്തന പാഴ്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

1-25 അങ്ങാടിപ്പള്ളി -ആറാട്ടുകടവ് ഓടനിർമ്മാണം - വിഭവസ്രോതസ്സിൽ മാറ്റം വരുത്തിയത് ക്രമപ്രകാരമല്ല

പ്രോജക്ട്	309/21
അടങ്കൽ	500000 (തനതുഫണ്ട്)
ചെലവ്	430312
ചെക്ക് നമ്പർ	2717794/17-9-2020
കരാറുകാരൻ	സി വി സെബാസ്റ്റ്യൻ

2017-18 -ൽ ആവിഷ്ക്കരിച്ച് 2018-19 ലും 2019-20 ലും സ്പിൽഓവറായി തുടർന്നതുമായ മേൽ പ്രോജക്ടിന് റോഡിതരസംരക്ഷണഗ്രാന്റാണ് വകയിരുത്തിയിരുന്നത്. എന്നാൽ 19-20 വർഷം വിഭവസ്രോതസ് തനതുഫണ്ടാക്കി മാറ്റുന്നതിനുവേണ്ടി പ്രോജക്ട് ഭേദഗതി ചെയ്തതായി കാണുന്നു. എന്നാൽ ആയതിന്റെ കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ഡിപിസി അംഗീകാരവും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം ഇപ്രകാരം ഫണ്ട് വ്യത്യാസപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. മരാമത്ത് പ്രവൃത്തികളിൽ നിർമ്മാണപ്രവൃത്തികളിലെ വ്യതിയാനം അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇതനുസരിച്ച് ഒറിജിനൽ പ്രോജക്ടിന്റെ അടങ്കലിൽ വരുന്ന വ്യത്യാസങ്ങൾക്കനുസൃതമായി മാത്രമേ സ്പിൽ ഓവർപ്രോജക്ടിൽ വിഭവസ്രോതസ്സുകളിൽ വ്യത്യാസം വരുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ അടങ്കലിൽ വ്യത്യാസമില്ലാതിരുന്നിട്ടും മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി അംഗീകാരം

കിട്ടിയതിനുശേഷം വിഭവസ്രോതസ്സിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

കൂടാതെ പ്രോജക്ട്രൂ രൂപീകരണഫോറത്തിൽ ക്രമനം IV -ൽ സ്ഥലപരിശോധന ആവശ്യമുള്ള പ്രോജക്ടാണെങ്കിൽ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ എന്ന ഭാഗത്ത് "ബാധകമല്ല" എന്നും പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം അനുവദനീയമാണോ എന്നതിന് "അല്ല" എന്നും തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിക്കാണുന്നു. അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് രൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള എല്ലാ പ്രവർത്തനഘട്ടങ്ങളും കൂടാതെ വിഭവവകയിരുത്തലും ചെലവുകളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചും നിയമവിധേയവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ടിന് ബാധകമായ അടിസ്ഥാനവിവരങ്ങൾ പോലും പ്രോജക്ട് രൂപീകരണ ഫോറത്തിൽ കൃത്യമായി ചേർക്കാത്ത തെറ്റായ നടപടി കർശനമായും ഒഴിവാക്കേണ്ടതാണ്.

1-26 തെരുവുവിളക്കു് മെയിന്റനൻസ്- നിർവ്വഹണനടപടിക്രമങ്ങളിൽ അപാകതകൾ

പ്രോജക്ട്	243/21
അടങ്കൽ	500000
ചെലവ്	228185 (2717113/23/ 10/20) 150165 (742190/16-1-21) 118440 (188203/25-3-21_ 496790

ഗ്രാമപഞ്ചായത്തിലെ കേടായ വഴിവിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിനും സ്ഥലങ്ങളിൽ പുതിയവ വാങ്ങി സ്ഥാപിക്കുന്നതിനുമായി മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം തൻവർഷം 496790/-രൂപ തനതുഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മൂന്നുഘട്ടങ്ങളിലായിട്ടാണ് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഓരോ ഘട്ടത്തിലും ഒരുനിശ്ചിത കാലയളവിൽ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി ചെയ്ത് നന്നാക്കിയിട്ടുള്ളത് സംബന്ധിച്ച് കരാറുകാരൻ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. ആയത് ശരിയായ നടപടിയല്ല. അതാതു വാർഡുകളിൽ ലൈറ്റുകൾ നന്നാക്കിയിട്ടുള്ള വിവരം സംബന്ധിച്ച് വാർഡുമെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലിന്റേയും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ പരിശോധനാറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പേമെന്റ് നടത്തേണ്ടതാണ്.

പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പരിശോധിച്ച് ചെലവ് വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.

പ്രവൃത്തിമൂല്യത്തിൽനിന്നും ആദായനികുതി കിഴിവുചെയ്തിട്ടുണ്ടെങ്കിലും നികുതിതുക അടവാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17-8-15-ലെ ജി2-44274/15 നമ്പർ പൊതുമാർഗ്ഗരേഖയിലെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല

1)ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

3)ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റു നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും

പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്ററനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന്റെ (എൻക്വയറി നമ്പർ-8/23-9-21) അടിസ്ഥാനത്തിൽ വാർഡുതിരിച്ചുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്ററും പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതിരജിസ്റ്ററും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും തെരുവുവിളക്ക് പരിപാലന പ്രോജക്ടുകൾ മേൽ രജിസ്റ്ററുകളിലെ കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ്.

1-27 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- അടവുതുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി-യിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട്പ്രകാരം തനതുഫണ്ടിൽ നിന്നും 77547/-രൂപയും ധനകാര്യക്കമ്മീഷൻഗ്രാന്റ് തുക 47617/-രൂപയും ഉൾപ്പെടെ ആകെ 1,25,164/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 8,10, 12 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനുവേണ്ടി യഥാക്രമം 18910/-, 24612/-, 19036/-രൂപ വീതം അടവാക്കണമെന്ന കെ.എസ്.ഇ.ബി ഗാന്ധിനഗർ അസി.എൻജിനീയറുടെ കത്ത് മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. പഞ്ചായത്ത് അടവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
പ്രോജക്ട് നം. 13/20-21 നിർവഹണോദ്യാഗസ്ഥൻ- സെക്രട്ടറി

ഫണ്ട്	തുക	ബിൽ /ചെക്കുനമ്പർ
തനതുഫണ്ട്	37946/-	8742191/16-1-21
,,	39601/-	118211/29-3-21
സിഎഫ് സി	47617/-	136/27-3-21
ആകെ	125164/-	

പഞ്ചായത്ത് അടവാക്കിയ തുകയ്ക്ക കെ.എസ്.ഇ ബിയിൽനിന്ന് ലഭ്യമായ എസ്റ്റിമേറ്റ്, പ്രവൃത്തി നടപ്പാക്കേണ്ട റോഡുകളുടെ വിവരം (വാർഡുനമ്പർ ഉൾപ്പെടെ) എന്നിവ ഫയലിൽ ലഭ്യമായിട്ടില്ല. അപാകത 10/23-9-21 നമ്പർ എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ പഞ്ചായത്ത് അടവാക്കിയ തുകയുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. അടവാക്കിയ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിലേക്കായി കെ.എസ്.ഇ.ബി-യിൽ നിന്നുള്ള എസ്റ്റിമേറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി ആകെ 27 അങ്കണവാടികളാണുള്ളത്. ഇതിൽ 7-ാം വാർഡിലെ 2 അങ്കണവാടികൾക്കും 5, 8 വാർഡുകളിലായി ഓരോ അങ്കണവാടികൾക്കും വീതം ആകെ 4 അങ്കണവാടികൾക്കു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ള 23 അങ്കണവാടികളും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടങ്ങളുടെ വാടക അടവാക്കുന്നതിനായി ഓരോ വാർഷികപദ്ധതിയിലും പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിക്കുന്നുണ്ട്. ഈയിനത്തിൽ 19-20, 20-21 വർഷങ്ങളിൽ ആകെ **1,91,183 /-രൂ**പ റോഡിതരസംരക്ഷണ ഗ്രാന്റിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	ചെലവുതുക	ബിൽനമ്പർ
128/19-20	43510/-	4/30-8-19
18/20-21	85449/-	15/20-3-21
178/20-21	62224/-	4/16-4-20

ജനകീയാസൂത്രണപദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാമപഞ്ചായത്തിൽ ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി വാങ്ങുന്നതിനോ കെട്ടിടം നിർമ്മിക്കുന്നതിനോ വേണ്ടത്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ മുൻകാല വാർഷികപദ്ധതികളിൽ ഉണ്ടായില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയും ഇടപെടലും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-29 കുടിവെള്ള വിതരണം-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് ശ്രീ.സിബി.എം.വി എന്ന ആളുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25/02/21 ലെ തീരുമാനപ്രകാരം അംഗീകരിക്കുകയും (നം.14/20-21) കരാറിൽ ഏർപ്പെടുകയും ചെയ്തു. ടിയാൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമനം.	കാലയളവ്	നൽകിയ തുക	വൗച്ചർ നം.
1	30.03.20മുതൽ 15.04.20 വരെ	136000	22000072/21.04.20
2	16.04.20 മുതൽ 30.04.20 വരെ	90700	22000172/10.05.20
3	01.05.20 മുതൽ 16.05.20 വരെ	66950	22000181/26.05.20
4	26.02.21 മുതൽ 05.03.21 വരെ	13300	22001389/27.03.21
	ആകെ	306950	

കുടിവെള്ള വിതരണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 1964 ലെ ഐ.ടി ആക്ട് സെക്ഷൻ 194 സി പ്രകാരം ടി കരാറുകാരനിൽ നിന്നും 1% ആദായനികുതി യായി 3069 രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ടിയാനിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കിയതായി കാണുന്നില്ല.
2. ശ്രീ.സിബി.എം.വി സമർപ്പിച്ച ക്വട്ടേഷനിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം വിതരണംചെയ്യുന്നതാണെന്ന് രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി വെള്ളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടിയാനുമായി ഏർപ്പെട്ട കരാറിൽ കുടിവെള്ളത്തിന്റെ ടെസ്റ്റ് സ്വന്തം ചെലവിൽ നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ ടെസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കുടിവെള്ള വിതരണത്തിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

1-30 പ്രത്യേക ആവശ്യത്തിന് ലഭിച്ച് ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കണക്ക് ശീർഷകം	തുക
1	അങ്കണവാടി പോഷകാഹാരം	868048
2	ശുചിത്വമിഷൻ ഗ്രാന്റ്	1637927
3	സമ്പൂർണ്ണ ശുചിത്വം	139048
4	കേന്ദ്രാവിഷ്കൃത പദ്ധതി	500000
5	സംയുക്ത പ്രോജക്ട് (ബ്ലോക്ക് വിഹിതം)	688062
6	സംയുക്ത പ്രോജക്ട് (ജില്ലാ പഞ്ചായത്ത് വിഹിതം)	671738
7	മറ്റ് ഗ്രാന്റുകളും ഫണ്ടുകളും	174506

	ആകെ	4679329

പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 4679329 രൂപയുടെ ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതുമാണ്.

1-31 വസ്തുവകകൾ പഞ്ചായത്തിന്റെ പേരിൽക്കൂട്ടി ആസ്തിയിലാക്കാനുള്ള കമ്മിറ്റി തീരുമാനം രണ്ട് വർഷങ്ങൾക്കു ശേഷവും നടപ്പായിട്ടില്ല

1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 20 സെന്റ് വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് വില്ലേജ് ഓഫീസിൽ പരാതി നൽകുന്നതിനും ആയതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം വേലികെട്ടി തിരിച്ച് പഞ്ചായത്തിന്റെ ആസ്തിയിലാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി 8-4-19 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. (അജണ്ട–6, തീരുമാനം - 12). കൂടാതെ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ചൂരക്കാവ് കളിസ്ഥലം, കൃഷി ഓഫീസ്, മൃഗാശുപത്രി, അങ്കണവാടികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ, തൊണ്ണംകുഴി മാർക്കറ്റ് സ്ഥിതിചെയ്യുന്ന സ്ഥലം എന്നിവയുടെ യഥാർത്ഥ സർവ്വേ നമ്പരുകൾ കണ്ടെത്തി പോക്കുവരവു നടത്തി ടി വസ്തുവകകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി മാറ്റി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയേയും സഹായത്തിന് സെക്ഷൻ ക്ലാർക്ക് കെ.എസ്.പ്രതാപനേയും ചുമതലപ്പെടുത്തി 13-11-19ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. (അജണ്ട – 7,തീരുമാനം -1)

ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പായതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ ലഭ്യമാക്കുകയോ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/25.09.21) മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വസ്തുവകകൾ പോക്കുവരവു നടത്തി റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതാണ്.

1-32 കന്നുകുട്ടിപരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്- 29/21

ചെലവ്- 200000

ബിൽ നം. PPP 07/20-21

പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം 200000 (16x12500)രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കോട്ടയം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ 9/9/2021 ൽ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 60240 രൂപ വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-33 തെരുവുനായ വന്ധ്യംകരണം -പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമല്ല

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ- 21/21

ചെലവ്- 210000രൂപ BRN No. 975621/21.01.21

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്കായി ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 210000/- രൂപ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ

അന്വേഷണക്കുറിപ്പിന് (നം. 3/22.09.21) ജില്ലാ മിഷനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എപ്രകാരം വിനിയോഗിച്ചു എന്നോ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ഫലപ്രദമായിരുന്നത് സംബന്ധിച്ച് മൃഗസംരക്ഷണവും ക്ഷീരവികസനവും, വർക്കിങ്ങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 210000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 അഗതി രഹിത കേരളം പദ്ധതി- തുക പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അഗതി കേരളം പദ്ധതിയ്ക്കായി 2019-20,20-21 വർഷങ്ങളിൽ കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

വർഷം	2019-20	2020-21
പ്രോജക്ട് നം.	58/20	71/21
ചെലവ്	വികസനഫണ്ട്-200000 തനത് ഫണ്ട് -300000	വികസനഫണ്ട്-200000 തനത് ഫണ്ട് -300000
ബിൽനം.	200000- 27/19-20/05.02.20 300000 – ചെക്ക് നം.2717939/07.02.20	200000- 1/20-21/29.07.20 300000 – ചെക്ക് നം.2717763/27.07.20

2018-19 വർഷം പ്രസ്തുത അക്കൗണ്ടിലേക്ക് നൽകിയ 500000 രൂപയും ഉൾപ്പെടെ ആകെ നൽകിയ 1500000 രൂപയിൽ വീട് നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ വിവരം	നൽകിയ തുക
രമണി, കൊളുത്തുഅരങ്ങത്തുമാലിൽ	400000
സുഗുണൻ,പുത്തൻചിറ	360000
ജയമോൾ ഷാജി,കൊച്ചാപ്പാടത്ത്	200000
ആകെ	960000

ചെലവഴിക്കാൻ ബാക്കിയുള്ള തുക രൂപ 2021-22 വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. 2020-21 വർഷം കൈമാറിയ 500000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 ഫിറ്റ് കോട്ടയം ക്യാൻ കോട്ടയം - പ്രവൃത്തിനിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട്	25/21
അടങ്കൽ	100000/- (വികനഫണ്ട് ജനറൽ)
ചെലവ്	100000/- (തനതുഫണ്ട്)
ചെക്ക് നമ്പർ	188204/ 25-3-21
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ക്യാൻസർരോഗത്തിനുള്ള റേഡിയേഷൻ ചികിത്സയ്ക്കുവേണ്ടി ജില്ലാപഞ്ചായത്ത് ആവിഷ്ക്കരിച്ച സംയുക്ത പ്രോജക്ടിലേക്ക് പഞ്ചായത്തിന്റെ വിഹിതം കൈമാറുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയ 100000/-രൂപയുടെ തനതുഫണ്ട് വിഹിതം ജില്ലാപഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് (A/C No 2982000103035379) ട്രാൻസ്ഫർ ചെയ്തുനൽകിയിട്ടുണ്ട്. മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം സ്വരൂപിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ ഡെപ്പോസിറ്റേചെയ്ത് പാല ജനറൽ ആശുപത്രിയിൽ കൊബാൾട്ട്

റേഡിയേഷൻ മെഷീൻ വാങ്ങുന്നതിനാണ് പദ്ധതിപ്രകാരം ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് നടപ്പാക്കിയതിന്റെ വിവരങ്ങളും പഞ്ചായത്ത് ട്രാൻസ്ഫർ ചെയ്തുനൽകിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല. ചെലവുതുകയുടെ വിനിയോഗവിവരവും പ്രോജക്ട് പൂർത്തീകരണസാക്ഷ്യപത്രവും ലഭ്യമാകുന്നതുവരെ 100000/- രൂപയുടെ ചെലവ് തടസ്സത്തിൽവയ്ക്കുന്നു.

മേൽവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് രോഗ വ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് രോഗികൾക്ക് ചികിൽസയും പരിചരണവും ലഭ്യമാക്കുന്നതിനായും ഗ്രാമ പഞ്ചായത്തിൽ 21/05/20 മുതൽ പഞ്ചായത്ത് ഷോപ്പിങ്ങ് ലോഡ്ജായ ചൈത്രം ലോഡ്ജിൽ കോവിഡ് കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് 230800114- Expenses Related To Pandemic/Epidemic Control എന്ന ശീർഷകത്തിൽപെടുത്തി 222406രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് 19 മായി ബന്ധപ്പെട്ട് സാനിട്ടൈസർ, ബ്രേക്ക് ദ ചെയിൻ ജാഗ്രത അനൗൺസ്മെന്റ് തുടങ്ങിയവയ്ക്ക് 228250 രൂപ 230800114- Expenses Related To Pandemic/ Epidemic Control എന്ന ശീർഷകത്തിൽപെടുത്തിയും 60920 രൂപ 230800110- Sanitation Expense എന്ന ശീർഷകത്തിൽപ്പെടുത്തിയും ചെലവഴിച്ചിട്ടുണ്ട്.

27/03/2020 മുതൽ കമ്മ്യൂണിറ്റി കിച്ചൻ നടത്തിയ ഇനത്തിൽ 230800114- Expenses Related To Pandemic/ Epidemic Control എന്ന ശീർഷകത്തിലും 240800101 Other Finance Expense എന്ന ശീർഷകത്തിലും ഉൾപ്പെടുത്തി 31886 രൂപ ചെലവഴിച്ചിട്ടുണ്ട്.

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിന് സെന്റ് ജോസഫ് വില്ലൂന്നിയിൽ 24/07/2020 മുതൽ സൗകര്യങ്ങൾ ചെയ്തുതുടങ്ങിയെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. സെന്റർ പ്രവർത്തനം തുടങ്ങുന്നതിനായി 240800101 Other Finance Expense എന്ന ശീർഷകത്തിലും ഉൾപ്പെടുത്തി 227361 രൂപ ചെലവഴിച്ചിട്ടുണ്ട്.

കോവിഡുമായി ബന്ധപ്പെട്ട് തനത്ഫണ്ട് പ്രോജക്ട് തയ്യാറാക്കി 208000രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രോജക്ട് 341/21) ടി ചെലവ് 251202401 Epidemic Control General എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങൽ, സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണ ചെലവ്, ക്ലീനിംഗ് ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്.

31.03.21 വരെ സി.സി.സി, സി.എഫ്.എൽ.ടി.സി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെയും, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

ഇനം	ചെലവഴിച്ച തുക	ഡി.ഡി.എം.എ യിൽ നിന്ന് തിരികെ ലഭിച്ച തുക	തിരിച്ചടച്ച തുക
സി.എഫ്.എൽ.ടി.സി	244870	407101	162233
സി.സി.സി	222406	188109	0
മറ്റുള്ളവ	360420	0	0
പ്രോജക്ട് 341/21	208000	0	0
ആകെ	1035696	595210	162233

ഗ്രാമപഞ്ചായത്തിൽ സി.എഫ്.എൽ.ടി.സി പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ സി.എഫ്.എൽ.ടി.സിക്കായി വാങ്ങിയ സാധനങ്ങൾ വാകത്താനം, അതിരമ്പുഴ, മരങ്ങാട്ടുപിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലെ സി.എഫ്.എൽ.ടി.സികൾക്കായി കൈമാറിയിട്ടുണ്ട്. സ്റ്റോക്കിൽ ബാലൻസ് വന്ന സാധനങ്ങൾ പഞ്ചായത്തിൽ 27/4/21 ൽ ആരംഭിച്ച ഡിസിസിയിലേക്ക് (ജ്ഞാനോദയം പബ്ലിക്ക് സ്കൂളിലേക്ക്) മാറ്റിയിട്ടുണ്ട്.

1-37 ലൈഫ് പദ്ധതി അവലോകനം.

ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ 29 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ആകെ 3 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. 29 ഗുണഭോക്താക്കളിൽ 11

പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2020-21വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	പ്ലാൻ ഫണ്ട് (എസ്.സി.പി)	ബ്ലോക്ക് വിഹിതം	സംസ്ഥാന വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	വായ്പ
05/20-21	2819800	1240200	500000		980000
353/20-21		549921		50079	
362/20-21		40000			
ആകെ	2819800	1830121	500000	50079	980000

1-38 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടെണ്ടർ ഫോം വില അതാത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2019-20, 2020-21 എന്നീ വർഷങ്ങളിൽ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/24.09.21) മറുപടി ലഭ്യമാക്കിയില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള മുൻവർഷങ്ങളിൽ ഉൾപ്പെടെയുള്ള തുക ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-39 വിനിയോഗവിവരം ലഭ്യമല്ല -ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ ഉദ്ദേശങ്ങൾക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം കിട്ടിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കുവേണ്ടി നിർവ്വഹണസ്ഥാപനങ്ങൾ/ ഏജൻസികൾക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല.

	കൈമാറിയ തുക	ബിൽ/ ചെക്ക് നമ്പർ	തുക കൈപ്പറ്റിയ സ്ഥാപനം	റിമാർക്ക്സ്
പ്രോജക്ട് 16/21 പോസ്റ്റ് ഷിഫ്റ്റിംഗ് (8,16,6,14 വാർഡുകൾ) **ആകെ**	6147/-	2717115/21-10-20	കെ.എസ്..ഇ.ബി ഗാന്ധിനഗർ	പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.
	7275/-	2717141/30-11-20	കെ,എസ്.ഇ.ബി. അയ്മനം	
	10008	2717141/30-11-20	കെ.എസ്.ഇ.ബി. ഗാന്ധിനഗർ	
	14425	188202/25/3/21	കെ,എസ്.ഇ.ബി. അയ്മനം	
	37855/- (തനതുഫണ്ട്)			
13/21 സ്ട്രീറ്റ്മെയിൻ വലിക്കൽ	47617/-	156/27-3-21	കെ.എസ്.ഇ.ബി. ഗാന്ധിനഗർ	
	39601/- (തനതുഫണ്ട്)	118211/29-3-21 1	കെ എസ് ഇ ബി അയ്മനം	
	37946/- (തനതുഫണ്ട്)	8742191/16-1-21	കെ എസ് ഇ ബി ഗാന്ധിനഗർ	
20/20-21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	415000/- സി.എഫ്.സി)	21/30-9-20	എക്സിക്യൂട്ടീവ് എൻജിനീയർ	പ്രവൃത്തി പൂർത്തീകരണ

			കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കടുത്തുരുത്തി	വിവരങ്ങളും ചെലവു തുകയുടെ വിനിയോഗ വിശദാംശങ്ങളും നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.
347/21 ജില്ലാ ആസൂത്രണ ഓഫീസ് കെട്ടിടനിർമ്മാണം-വിഹിതം നൽകൽ	500000/- വികസന ഫണ്ട് -ജനറൽ)	39/8-3-21	ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം	വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായിട്ടില്ല
ആകെ	1078020/-			

മേൽ പ്രോജക്ടുകൾക്കു വേണ്ടി കൈമാറിയിട്ടുള്ള തുകകളുടെ വിനിയോഗവിവരങ്ങളും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രം അഥവാ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം10/23.09.21) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുകയുടെ വിനിയോഗ വിവരങ്ങളും പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലാത്തതിനാൽ 1078020/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെൻഡർ ഡിഡക്ഷൻ കുറവുചെയ്തില്ല. കരാറുകാരന് അധിക തുക അനുവദിച്ചു.

പ്രോജക്ട്	333/21
വകയിരുത്തൽ	200000/-(തനതുഫണ്ട്)
ചെലവ്	89856/-
ബിൽ/ചെക്ക് നമ്പർ	188215/30-3-21
കരാറുകാരൻ	ജോർജുകുട്ടി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജ് ബസ്റ്റാന്റ് നവീകരണവുമായി ബന്ധപ്പെട്ട മേൽ പ്രോജക്ട്പ്രകാരം തനതുഫണ്ടിൽ നിന്നും 89856/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.2% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജോർജ്ജ്കുട്ടി എന്നയാളുടെ ടെൻഡറാണ് അംഗീകരിച്ചിട്ടുള്ളത്. അളവുപുസ്തകം പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 80228/-രൂപയാണ്. എന്നാൽ ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാതിരുന്നതിനാൽ കാരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

	അർഹമായത്	അനുവദിച്ചത്
ആകെ മൂല്യം	80228.07	80228.07
ടെൻഡർ വ്യത്യാസം 8.2% ബാക്കി	6578.75 73649. 4419	- 4814 4814

കൂട്ടുക സിജിഎസ് റ്റി 6% എസ്.ജി.എസ്.റ്റി6%	4419	
ആകെ	82487	89856.
റിക്കവറികൾ IT1% -736 Cwwf-736 Cgst-736 Sgst-736 2944	2944	3209
	79543	86647
അധികം നൽകിയത്	86647-79543= 7104	

മേൽ അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ - 9/23-9-21) മറുപടി ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽനിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. അധികം നൽകിയ തുക കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2020-21	24.09.2021

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	340600	247/21 വനിതകൾക്ക് ഗ്രോ ബാഗിൽ പച്ചക്കറി കൃഷി	340600	0
	9000	249/21- തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി	9000	0
	233875	15/21- വികലാംഗർക്കുള്ള സ്കോളർഷിപ്പ്	233875	0
	549921	353/21-ലൈഫ്മിഷൻ-എസ്.സി.പി.	549921	0
	40000	362/21-ലൈഫ്മിഷൻ-എസ്.റ്റി.	40000	0
ജില്ലാ പഞ്ചായത്ത്	414800	355/21-പട്ടികജാതിക്കാരായ നെൽകർഷകർക്ക് കൂലി ചെലവ്	414800	0

	379578	14/21- അംഗൻവാടികൾക്കുള്ള പോഷകാഹാരം	379578	0

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ബിൽ/ ചെക്ക് നം.	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	പ്രോജക്ട് 16/21 പോസ്റ്റ് ഷിഫ്റ്റിംഗ് (8,16,6,14 വാർഡുകൾ)	6147	2717115/21-10-20	0	6147
		7275	2717141/30-11-20	0	7275
		10008	2717141/30-11-20	0	10008
		14425	188202/25/3/21	0	14425
കെ.എസ്.ഇ.ബി	13/21 സ്ട്രീറ്റ് ലൈൻ വലിക്കൽ	47617	427 /27-3-21	0	47617
		39601	88211/29-3-21	0	39601
		37946/-	8742191/16-1-21	0	37946
കേരള വാട്ടർ അതോറിറ്റി	20/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	415000	21/30-9-20	0	415000
ആകെ				**0**	**578019**

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ്നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക മുതൽ	തൻവർഷം തിരിച്ചടച്ച തുക പലിശ	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ് 68/2018 തസ്വഭവ തീ 18-5-2018	4322970	1660000	688116	-	5294854

4-6 സ്ഥിരനിക്ഷേപങ്ങൾ

2020-21 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	ഇല്ല
തൻവർഷം നിക്ഷേപിച്ച തുക	2000000
ആകെ	2000000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	2000000

31.03.2021-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള 2000000രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ട്രഷറി	കാലാവധി
0120000008156	27.01.2021	2000000	ആർപ്പൂക്കര സർവ്വീസ് സഹകരണബാങ്ക്	27.01.2022

4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	35	2002-03	5-4(1)	പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
	38	2002-03	5-4(2)	പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	100524766
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	91775548
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	7104
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	3261494

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		7104	ശ്രീ. അജിത് ജോക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	134100	ശ്രീ. മനോജ് ചന്ദ്രൻ, സെക്രട്ടറി
1-17	751490	ശ്രീമതി ആർദ്ര ആൻപോൾ, കൃഷി ഓഫീസർ
1-18	176807	ശ്രീ. മനോജ് ചന്ദ്രൻ, സെക്രട്ടറി
1-20	4127	,,
1-30	306950	,,
1-34	210000	ഡോ. അഭിജിത്ത് തമ്പാൻ, വെറ്റിനറി സർജൻ
1-35	500000	ശ്രീമതി രാജശ്രീ റ്റി.ആർ, അസിസ്റ്റന്റ് സെക്രട്ടറി
1-36	100000	ശ്രീ. മനോജ് ചന്ദ്രൻ, സെക്രട്ടറി
1-40	1078020	,,
ആകെ	3261494	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേര്, ഉദ്യോഗപ്പേര്	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. അജിത് ജോക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, കാരശ്ശേരി	കൈതയിൽ വീട് ERA 152, വിൽസൺ സ്ട്രീറ്റ്,

		ഗ്രാമപഞ്ചായത്ത്, കോഴിക്കോട്	ഈരയിൽക്കടവ്, കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2018-19 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അന്തർക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(1)/18/29.01.2018	5
2000-01	കെ.എസ്.എ.-കെ.ടി.എം.പി9-1900 (2)/18/01.12.2018	3
2001-02	കെ.എസ്.എ.-കെ.ടി.എം.പി9-1900 (3)/18/30.04.2019	3
2002-03(ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി9-1900 (5)/18/13.05.2019	7
2002-03(വരവ്)	കെ.എസ്.എ.-കെ.ടി.എം.പി9-1900 (4)/18/02.05.2019	1
2003-04	കെ.എസ്.എ.-കെ.ടി.എം.പി9-1900 (6)/18/02.05.2019	3
2004-05	കെ.എസ്.എ.-കെ.ടി.എം.പി9-1900 (7)/18/01.12.2018	7
2005-06	കെ.എസ്.എ.-കെ.ടി.എം.പി9-447/19/01.06.2014	4
2006-07	കെ.എസ്.എ.-കെ.ടി.എം.പി9-152(1)/19/30.04.19	7
2007-08	കെ.എസ്.എ.-കെ.ടി.എം.പി9-152(2)/19/02.05.19	3
2008-09	കെ.എസ്.എ.-കെ.ടി.എം.പി9-1736/17/07.03.2018	12
2009-10	കെ.എസ്.എ.-കെ.ടി.എം.പി9-840/19/03.09.19	2
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി9-1346/19/05.12.19	11
2012-13	കെ.എസ്.എ.-കെ.ടി.എം.പി9/412/18/21.03.2018	11
2013-14	കെ.എസ്.എ.-കെ.ടി.എം.പി9/417/18/21.03.2018	9
2014-15	കെ.എസ്.എ.-കെ.ടി.എം.പി10/1130/16/01.06.2017	16
2015-16	കെ.എസ്.എ.-കെ.ടി.എം.പി9-152(3)/19/02.05.19	8
2016-17	കെ.എസ്.എ.-കെ.ടി.എം.പി9/1504/17/21.08.2018	15
2017-18	കെ.എസ്.എ.-കെ.ടി.എം.പി9-448/19/16.05.19	21
2018-19	കെ.എസ്.എ.-കെ.ടി.എം.പി9-425/19/12.06.20	35

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്